## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **30-07-2021 - ൽ മറുപടിയ്ക്ക്**

## കോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരുന്നത്; | (എ) | കോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്നില്ല എന്നാൽ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 1802.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 478 മീറ്റർ തെക്കേ പുലിമുട്ട്, 145 മീറ്റർ വടക്കേ പുലിമുട്ട്, ലേലപ്പുര, വാർഫ്, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തിയാക്കി 28/02/2011-ൽ ഹാർബർ കമ്മീഷൻ ചെയ്യുകയുണ്ടായി. പിന്നീട് എൻ.എഫ്.ഡി.ബി പദ്ധതിയിലുൾപ്പെടുത്തി തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി 138 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പഴയ ലേല ഹാളിന്റേയും റിപ്പയർ ഷെഡിന്റേയും നവീകരണം, ഹാർബർ ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ച ലേലപ്പുരയുടെ പടിഞ്ഞാറ് ഭാഗത്ത് കയറ്റുമതി ലക്ഷ്യമിട്ടുന്ന മത്സ്യം കൈകാര്യം ചെയ്യുന്നതിനുമുള്ള സൗകര്യം, പാർക്കിംഗ് സെന്ററിന്റേയും ഓടയുടേയും നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിനായി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി നൽകിയ 13.38 കോടി രൂപയുടെ ഭരണാനുമതിയിൽ പുലിമുട്ടിന്റെ സംരക്ഷണത്തിനായുള്ള അറ്റകുറ്റ പ്രവൃത്തികളും മണലടിയുന്ന പ്രവണത കുറയ്ക്കുന്നതിനുമായി പ്രധാന പുലിമുട്ടിൽ നിന്നും 250 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനുള്ള ഇനവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിച്ചത്; നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; നിർമ്മാണ | (ബി) | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പദ്ധതിയുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | കാലാവധി എത്ര വർഷമാണ്; നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | | 18/07/2019-ൽ ആരംഭിച്ചു. ഈ പ്രവൃത്തിയിലുൾപ്പെട്ട തെക്കേ പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിച്ചു വരവേ ക്വാറി നിയന്ത്രണം മൂലവും കോവിഡ് നിയന്ത്രണങ്ങൾ മൂലവും പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തിയുടെ കാലാവധി ഒരു വർഷമാണ്. ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പുലിമുട്ടിന്റെ സംരക്ഷണ പ്രവൃത്തികൾ 70 മീറ്റർ വരേയും പുതുതായി 410 മീറ്റർ നീളത്തിൽ പുലിമുട്ടിന്റെ നിർമ്മാണവും ഇതുവരെ ചെയ്തിട്ടുണ്ട്. |
| (സി) | അശാസ്ത്രീയമായ നിർമ്മാണം മൂലം പോർട്ടിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ലെന്ന മത്സ്യമേഖലയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | തോട്ടപ്പള്ളി ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പൂനെ CWPRS എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഇപ്പോഴുള്ള തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കുന്നതിനും, വടക്കേ പുലിമുട്ടിൽ നിന്നും 300 മീറ്റർ വടക്കോട്ട് മാറി 436 നീളത്തിൽ മറ്റൊരു പുലിമുട്ട് നിർമ്മാക്കുവാനും ശുപാർശ ചെയ്യുകയുണ്ടായി. മേൽപദ്ധതി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ഇതോടൊപ്പം ബേസിനിൽ അടിഞ്ഞു കൂടിയ മണ്ണ് ഡ്രെഡ്ജ് ചെയ്ത് മിനറൽസ് വേർതിരിച്ചെടുക്കുന്നതിന് IREL-ന് അനുമതി നൽകിയിട്ടുണ്ട്. IREL മണ്ണ് ഡ്രെഡ്ജ് ചെയ്ത് നീക്കുന്ന സാഹചര്യത്തിൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ